# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2504** **13.02.2013- ൽ മറുപടിക്ക്**

### ഉദുമ ടെക്സ്റ്റൈൽ മിൽസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ(ഉദുമ) | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ മൈലാട്ടി ഉദുമ ടെക്സ്റ്റൈൽ മിൽസിൽ ഉത്പാദനം തുടങ്ങിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) & (ബി) | ഉദുമ ടെക്സ്റ്റൈൽ മിൽസ് ഉത്പാദനം ആരംഭിച്ചിട്ടില്ല. മിൽ പൂർണ്ണരീതിയിൽ പ്രവർത്തിക്കുന്നതിന് ഇനിയും കുറച്ചു യന്ത്രങ്ങൾ കൂടി സ്ഥാപിക്കുവാനുണ്ട്. കൂടാതെ തൊഴിലാളികളെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സുകളുടെ അടിസ്ഥാനത്തിൽ നിയമന നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. |
| (ബി) | ഇല്ലെങ്കിൽ, പ്രവർത്തനസജ്ജമായിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും ഉത്പാദനം തുടങ്ങാതിരിക്കാനുള്ള കാരണം വിശദമാക്കുമോ; | | |
| (സി) | പ്രസ്തുതസ്ഥാപനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (സി) & (ഡി) | ജീവനക്കാരെ നിയമിക്കുന്നതിന് മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ നടത്തിയ നടപടിക്രമങ്ങളിൽ ക്രമക്കേടുകൾ ആരോപിച്ച് കൊണ്ട് ബഹു.ഹൈക്കോടതിയിൽ നിരവധി കേസുകൾ നിലവിലുള്ളതിനാൽ ഈ സർക്കാർ വിശദമായ പരിശോധനയുടെ അടിസ്ഥാനത്തിൽ 01.01.2011 തീയതിയിലെ ജി.ഒ(എം.സ്) നം.1/2011/വ്യവ പ്രകാരം സ്വീകരിച്ച നടപടി ക്രമങ്ങളും തയ്യാറാക്കിയ റാങ്ക് ലിസ്റ്റുകളും റദ്ദാക്കുവാൻ 02.12.2011 തീയതിയിലെ ജി.ഒ(എം.സ്) നം.223/2011/വ്യവ പ്രകാരം ഉത്തരവായിട്ടുണ്ട്. പുതിയ നിയമന നടപടികൾക്കായി റിയാബിനെ ചുമതലപ്പെടുത്തുകയും ടി നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ റദ്ദ് ചെയ്ത |
| (ഡി) | പുതിയ സർക്കാർ വന്നതിനുശേഷം ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ എപ്രകാരമാണ് കൈക്കൊണ്ടിട്ടുള്ളതെന്നു വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളും മറ്റുള്ളവരും, പുതിയ നിയമന പ്രക്രിയയെ കോടതിയിൽ ചോദ്യം ചെയ്യുകയും, ചില തസ്തികകളിലേക്കുള്ള നിയമനങ്ങൾ ഇനിയൊരുത്തരവ് ഉണ്ടാകുന്നതുവരെ നടത്തുന്നത് ബഹു.ഹൈക്കോടതി വിലക്കിയിരിക്കുകയുമാണ്. ടി. വിലക്ക് നീക്കിക്കിട്ടുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ